(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ഹൈഡൽ ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ?

ഇല്ല

(സി) കക്കയം ഹൈഡൽ ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി അനുമതി നൽകുന്നതിൽ എന്താണ് തടസ്സമെന്ന് അറിയിക്കാമോ?

വനം വകുപ്പുമായി നിലവിലുള്ള വ്യവഹാരവും പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിലുള്ള പ്രയാസവുമാണ് പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ.

വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ നടപടികൾ

245 (1975) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളത്താൽ ചുറ്റപ്പെട്ട കുട്ടനാടിന്റെ പ്രത്യേകതകൾ പരിഗണിച്ച് കുട്ടനാട്ടിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ കുട്ടനാട് ഭാഗത്തെ മങ്കൊമ്പ്, കിടങ്ങറ, കൈനകരി, ചമ്പക്കുളം, എടത്വ, തകഴി എന്നീ സെക്ഷനുകളിലായി KSEBL-ന്റെ ദ്യുതി സ്കീമിൽപ്പെടുത്തി 53.46 കോടി രൂപ വരുന്ന 1016 വർക്കുകൾ ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ 19.34 കോടി രൂപ വരുന്ന 522 വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ദ്യുതി സ്കീമിൽ 2156 കി.മീ 11 കെ.വി കമ്പി മാറ്റുക, 3400 ഓളം പോസ്റ്റുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷൻ എന്നിവ പുതുക്കുക, പുതിയ 47 കി.മീ. എച്ച്.റ്റി. ലൈൻ, 35 കി.മീ. എൽ.റ്റി ലൈൻ വലിക്കുക, 38 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക എന്നിവ കൂടാതെ 46.75 കി.മീ. എച്ച്.റ്റി. എ.ബി.സി., 122.46 എൽ.റ്റി. എ.ബി.സി. എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തികൾ പുരോഗമിക്കുന്നു. ഹരിപ്പാട് ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ ഇലക്ട്രിക്കൽ സെക്ഷൻ ഹരിപ്പാടിന് കീഴിൽ വീയപുരം വിത്തുൽപ്പാദന കേന്ദ്രത്തിന്റെ സമീപത്തായി 100 മീറ്റർ 11 kV ലൈൻ വലിച്ച് 100 kVA ട്രാൻസ്ഫോമർ (ആനാരി റോഡിൽ) സ്ഥാപിക്കാനുള്ള പ്രവൃത്തി പുരോഗമിക്കുന്നു. പള്ളം ഡിവിഷന് കീഴിലുള്ള പള്ളം പുഞ്ച സെക്ഷനിലെ വൈദ്യുതിതടസ്സം ഒഴിവാക്കാൻ ആർ ബ്ലോക്കിൽ നിലവിലുള്ള 11 കെ.വി. ഓവർഹെഡ് ലൈനുകൾ, കവചിത കണ്ടക്ടർ ഉപയോഗിച്ച് മാറ്റുന്ന ജോലി പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുട്ടനാട്ടിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ച് കാത്തിരിക്കുന്ന ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്നും ഇവർക്ക് എന്നത്തേയ്ക്ക് കണക്ഷൻ നല്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

കുട്ടനാട് ഭാഗത്തെ പള്ളം പുഞ്ച, മങ്കൊമ്പ്, കിടങ്ങറ, കൈനകരി, ചമ്പക്കുളം, എടത്വ, തകഴി, ഹരിപ്പാട് എന്നീ സെക്ഷനുകളിൽ, 22-7-2021-വരെ ലഭിച്ച എല്ലാ അപേക്ഷകൾക്കും വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ട്.

(സി) ടൂറിസം ഉൾപ്പെടെ ഉള്ള മേഖലകൾക്ക് വൈദ്യുതി അത്യന്താപേക്ഷിതമായിരിക്കെ പവർകട്ട് ഉണ്ടാകാതിരിക്കാൻ കുട്ടനാട്ടിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ടി പ്രദേശത്ത് തടസ്സരഹിതമായ വൈദ്യുതി എത്തിക്കുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെചേർക്കുന്നു:

ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ കുട്ടനാട് ഭാഗത്തെ മങ്കൊമ്പ്, കിടങ്ങറ, കൈനകരി, ചമ്പക്കുളം, എടത്വ, തകഴി എന്നീ സെക്ഷനുകളിലായി KSEBL-ന്റെ ദ്യുതി സ്കീമിൽപ്പെടുത്തി 53.46 കോടി രൂപവരുന്ന 1016 വർക്കുകൾ ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ 19.34 കോടി രൂപവരുന്ന 522 വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ദ്യുതി സ്കീമിൽ 2156 കി.മീ. 11 കെ.വി കമ്പി മാറ്റുക, 3400-ഓളം പോസ്റ്റുകൾ, ട്രാൻസ്ഫോമർ സ്റ്റേഷൻ എന്നിവ പുതുക്കുക, പുതിയ 47 കി.മീ. എച്ച്.റ്റി. ലൈൻ, 35 കി.മീ. എൽ.റ്റി. ലൈൻ വലിക്കുക, 38 പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുക എന്നിവ കൂടാതെ 46.75 കി.മീ. എച്ച്.റ്റി. എ.ബി.സി., 122.46 എൽ.റ്റി. എ.ബി.സി. എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തികൾ പുരോഗമിക്കുന്നു. ഹരിപ്പാട് ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ ഇലക്ട്രിക്കൽ സെക്ഷൻ ഹരിപ്പാടിന് കീഴിൽ വീയപുരം വിത്തുൽപ്പാദന കേന്ദ്രത്തിന്റെ സമീപത്തായി 100 മീറ്റർ 11 kV ലൈൻ വലിച്ച് 100 kVA ട്രാൻസ്ഫോർമർ (ആനാരി റോഡിൽ) സ്ഥാപിക്കാനുള്ള പ്രവൃത്തി പുരോഗമിക്കുന്നു. പള്ളം ഡിവിഷന് കീഴിലുള്ള പള്ളം പുഞ്ച സെക്ഷനിലെ വൈദ്യുതി തടസ്സം ഒഴിവാക്കാൻ ആർ ബ്ലോക്കിൽ നിലവിലുള്ള 11 കെ.വി. ഓവർഹെഡ് ലൈനുകൾ, കവചിത കണ്ടക്ടർ ഉപയോഗിച്ച് മാറ്റുന്ന ജോലി പുരോഗമിക്കുന്നു. എ.സി. റോഡിനിരുവശത്തുമുള്ള ലൈനുകൾ മാറ്റി 29 കി.മീ. എച്ച്.റ്റി. എ.ബി.സി., 31 കി.മീ. എൽ.റ്റി. എ.ബി.സി., 5 പുതിയ ട്രാൻസ്ഫോമറുകൾ എന്നിവയും, 33 കെ.വി. കിടങ്ങറ, 110 കെ.വി. കാവാലം എന്നീ രണ്ട് സബ്സ്റ്റേഷനുകളും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽപ്പെടുത്തി അനുമതി ലഭ്യമായിട്ടുണ്ട്. മേൽ പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ 11 കെ.വി. ഫീഡറുകളുടെ ദൈർഘ്യം കുറയുന്നതിലൂടെ വൈദ്യുതി തടസ്സം ഗണ്യമായ രീതിയിൽ കുറയ്ക്കാൻ സാധിക്കുന്നതാണ്. ഇതുകൂടാതെ, കായലിലേയ്ക്കുള്ള ഫീഡർ ഇൻസുലേറ്റഡ് കേബിളാക്കാനുള്ള പദ്ധതികളും പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly